I. ഇ.ബി. XV-കേരള നിയമസഭ/XVI-11

**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ഫെബ്രുവരി 23, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ശബരിമല സ്വർണ്ണപ്പാളി വിവാദവുമായി ബന്ധപ്പെട്ട കേസിലെ ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**I. ശ്രദ്ധക്ഷണിക്കൽ**

വഴിയോര കച്ചവടക്കാരുടെ സംരക്ഷണം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സംസ്ഥാനത്തെ വഴിയോര കച്ചവടക്കാരെ സംരക്ഷിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം. കേന്ദ്ര വഴിയോര കച്ചവട ഉപജീവന സംരക്ഷണ നിയന്ത്രണ നിയമത്തിന്റെ പരിരക്ഷ ഗ്രാമപഞ്ചായത്തിലെ കച്ചവടക്കാർക്കുകൂടി ലഭ്യമാക്കുന്നതോടൊപ്പം കച്ചവട മേഖലകൾ തരംതിരിച്ച് തിരിച്ചറിയൽ കാർഡും ലൈസൻസും നൽകണമെന്ന വ്യവസ്ഥ പാലിക്കപ്പെടുകയും ചെയ്യണം. നഗര കച്ചവട കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ കൃത്യമായി യോഗം ചേരാനും പ്രസ്തുത മേഖലയിലെ തർക്കങ്ങളും പരാതികളും പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

(സഭയുടെ നടുത്തളത്തിലിരുന്ന പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റ് ബഹു. സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കേന്ദ്രസർക്കാരിന്റെ "The Street Vendors (Protection of Livelihood and Regulation of Street Vending) Act, 2014" പ്രകാരമുള്ള സർക്കാർ

ഉത്തരവ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. കേരള സ്ട്രീറ്റ് വെൻഡേഴ്സ് പദ്ധതിയുടെ നോഡൽ ഏജൻസിയായി കുടുംബശ്രീ സംസ്ഥാന മിഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. വഴിയോര കച്ചവടക്കാരുടെ പ്രശ്നങ്ങൾ നഗരസഭകൾ മുഖേന പരിഹരിക്കുകയും കച്ചവടക്കാരെ തിരിച്ചറിയുന്നതിനായി വെൻഡിങ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പി.എം. സ്വാനിധി പദ്ധതിയിലൂടെ വഴിയോര കച്ചവടക്കാർക്ക് 90,000/- രൂപവരെ വായ്പ ലഭ്യമാക്കുകയും ഗുണഭോക്താക്കളെയും അവരുടെ കുടുംബാംഗങ്ങളെയും വിവിധ സാമൂഹ്യസുരക്ഷാ പദ്ധതികളിലുൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(നോട്ടീസ് നൽകിയ അംഗം ശ്രീ. സജീവ് ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ സബ്മിഷനുകൾക്കുള്ള മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നിർദേശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേക്ക് കടക്കുകയും ചെയ്തു.)

## II. റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

1. 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ ആറാമത് റിപ്പോർട്ട്.
2. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപത്തിയെട്ട് മുതൽ എൺപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ.
3. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ എട്ടാമത് റിപ്പോർട്ട്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

(കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനമായ ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന 24-02-2026-ലേക്ക് മാറ്റിവച്ചു.)

## III. നിയമനിർമ്മാണകാര്യം

<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും</u>

(i) 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ii) 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ, 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ, 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യം നിലവിലുള്ള 12 രൂപയിൽനിന്നും 20 രൂപയാക്കി വർധിപ്പിക്കുന്നതിനും 50 വയസ് അധികരിച്ച യാതൊരു അഡ്വക്കേറ്റ് ക്ലാർക്കിനും ഈ ഫണ്ടിൽ അംഗത്വത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ലെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിനും അഡ്വക്കേറ്റുമാരുടെ റിട്ടയർമെന്റ് ആനുകൂല്യം 10 ലക്ഷം രൂപയിൽനിന്നും 20 ലക്ഷം രൂപയാക്കി ഉയർത്തുന്നതിനുമാണ് ഈ ഭേദഗതി ബില്ലുകളിലൂടെ ലക്ഷ്യമിടുന്നത്.

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ, 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iv) 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ

ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം

റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): '2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(5)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു

ഉപേക്ഷം സഭ അംഗീകരിച്ചു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. രാജൻ: 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. രാജൻ: കേരളത്തിൽ ജനിച്ചുവളർന്ന മലയാളിക്ക് ഇപ്പോൾ എവിടെയാണ് ജീവിക്കുന്നതെന്ന് കണക്കിലെടുക്കാതെ കേരളീയനാണെന്ന് തെളിയിക്കുന്ന നിയമപ്രാബല്യമുള്ള രേഖ ഉണ്ടാകണമെന്ന ആവശ്യം ഈ നിയമനിർമ്മാണത്തിലൂടെ സാക്ഷാത്കരിക്കപ്പെടുകയാണ്. ഒരു നേറ്റിവിറ്റി കാർഡ് ഓരോ ആളിനും നൽകുകയെന്ന ഉദ്ദേശ്യത്തോടെയാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. വ്യക്തികളെ തിരിച്ചറിയുന്നതിനും സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ അർഹരായവരിലേക്ക് എത്തുന്നതിനും നേറ്റിവിറ്റി കാർഡ് സഹായകമാകും. കുടിയേറ്റവും ആഭ്യന്തര സ്ഥലംമാറ്റവും വർധിച്ചുവരുന്ന ഇന്നത്തെ കാലഘട്ടത്തിൽ കൃത്യമായ രേഖാപദ്ധതി ഭരണ സംവിധാനത്തെ ശക്തിപ്പെടുത്തും. സർക്കാർ കാലാകാലങ്ങളിൽ നിർദേശിക്കുന്ന വ്യക്തിഗത വിവരങ്ങൾകൂടി ഉൾപ്പെടുത്താവുന്ന വിധത്തിലാണ് നേറ്റിവിറ്റി കാർഡ് രൂപകൽപ്പന ചെയ്യാൻ ആഗ്രഹിക്കുന്നത്.

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(v) 2026-ലെ അബ്കാരി (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2026-ലെ അബ്കാരി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. എം. ബി. രാജേഷ്: 2026-ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 2026-ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ രാവിലെ 10.28-ന് പിരിഞ്ഞു.